## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2663 09.03.2017-ലെ മറുപടി

**കോഴിക്കോട് കുറ്റിക്കാട്ടൂർ ഗവ.ഹൈസ്കൂളിൽ കുടിവെള്ളം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ | കോഴിക്കോട് കുറ്റിക്കാട്ടൂർ ഗവ.ഹൈസ്കൂളിൽ കുടിവെള്ളമെത്തിക്കുന്നത് സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ വാട്ടർ കണക്ഷൻ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ബി ജിക്ക പദ്ധതിയുടെ പെരുവയൽ പഞ്ചായത്തിലെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് കുറ്റിക്കാട്ടൂർ ഗവ.ഹൈസ്കൂളിന് കുടിവെള്ളം എത്തിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിന് കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ പൈപ്പിന്റെ പ്രവൃത്തി പൂർത്തീകരിച്ച് സ്കൂളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നതാണ്. പൈപ്പ് ലൈനിന്റെ പ്രധാന പ്രവൃത്തിയായ കുറുക്കേടത്ത് കടവ് പുഴയ്ക്ക് കുറുകെയുള്ള HDPE പൈപ്പിടൽ പുരോഗമിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ